കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനാറാം സമ്മേളനം

2001 ഫെബ്രുവരി 23, വെള്ളി

വാല്യം:113] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ: 6

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 2001 ഫെബ്രുവരി മാസം 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

ധനകാര്യം

2001-2002 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റെ അവതരണം

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ബഹുമാനമപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ടി. ശിവദാസമേനോൻ, അങ്ങേയ്ക്ക് 2001-2002 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റും, വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2001-2002 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടും ഞാൻ അവതരിപ്പിക്കുന്നു.

സർ,

അകമഴിഞ്ഞ സംതൃപ്തിയോടുകൂടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ആറാമത്തെ ബഡ്ജറ്റ് ഞാൻ ഈ സഭയിൽ അവതരിപ്പിക്കുന്നത്. വളരെയധികം സാമ്പത്തിക വിഷമതകൾക്കും, കേന്ദ്രഗവൺമെന്റിന്റെ സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം, ആഗോളവൽക്കരണം തുടങ്ങിയ തെറ്റായനയങ്ങൾ വാരിവിതറിയ ദുരിതങ്ങൾക്കുമിടയിൽ നിന്നുകൊണ്ടാണ് ഈ ഗവൺമെന്റിന് പ്രവർത്തിക്കേണ്ടി വന്നത്. എന്നിട്ടും ഐശ്വര്യപൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കാനുള്ള പരിശ്രമത്തിൽ വളരെ മുന്നോട്ടു പോകാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. സമഗ്രമായ ജനപങ്കാളിത്തത്തോടെയുള്ള സമൂഹ നിർമ്മാണത്തിനുള്ള ചരിത്രപരമായ തീരുമാനം നാം കൈക്കൊണ്ടു.

സർ,

ദേശീയ സാമ്പത്തിക രംഗം അതീവ ഗുരുതരമായ തകർച്ചയെ നേരിട്ട് കൊണ്ടിരിക്കുമ്പോൾ രാജ്യത്തിന്റെ അവിഭാജ്യഘടകമായ നമ്മുടെ സംസ്ഥാനത്തിനുമാത്രം അതിൽ നിന്നും ഒഴിഞ്ഞു നിൽക്കാനാവില്ലല്ലോ. പ്രതികൂലമായ ഈ സാമ്പത്തിക പരിതസ്ഥിതികളിൽ പിടിച്ചു നിൽക്കാനും മുന്നോട്ടുപോകാനും വിലയേറിയ ഉപദേശ നിർദ്ദേശങ്ങളും കലവറയില്ലാത്ത സഹായസഹകരണങ്ങളും നൽകി ഈ പ്രവർത്തനത്തെ സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സഹപ്രവർത്തകരായ മറ്റു മന്ത്രിമാർക്കും ഞാൻ കൃതജ്ഞത രേഖപ്പെടുത്തട്ടെ. നമ്മുടെ കടമയുടെ ആദ്യഘട്ടം പൂർത്തീകരിച്ച് കഴിഞ്ഞു. അടുത്ത ഘട്ടം നിറവേറ്റാനുള്ള ചരിത്രദൗത്യവുമായി നാം വീണ്ടും തിരിച്ച്വരുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. ജനതയുടെ അന്തസ്സും ആത്മാഭിമാനവും ഉയർത്തുന്ന തരത്തിലുള്ള തീരുമാനങ്ങളാണ് ഈ മഹത്തായ സഭയിൽ നാം കൈക്കൊണ്ടത്. സർ, കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി സഭാനാഥനായ അങ്ങും ആദരണീയരായ സഭാംഗങ്ങളും എനിക്ക് നൽകിയ പ്രോത്സാഹനവും ക്രിയാത്മകമായ മാർഗ്ഗ നിർദ്ദേശങ്ങളും ഞാൻ നന്ദിപൂർവ്വം സ്മരിക്കട്ടെ. ഗവൺമെന്റ് തുടർച്ചയായ ഒരു പ്രതിഭാസമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണത്തിന് അടിത്തറ പാകുകയും വിവര സാങ്കേതിക വൈദ്യുതി മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും വ്യവസായ വികസനത്തിന് സ്ഥിരവും ശാന്തവുമായ അന്തരീക്ഷം സൃഷ്ടിക്കുകയും സമർത്ഥമായി പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി വിലക്കയറ്റം പിടിച്ചുനിർത്തുകയും ചെയ്ത ഈ ഗവൺമെന്റിന്റെ നടപടികൾ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടു പോകാൻ വരും ഗവൺമെന്റുകൾക്ക് കഴിയുമെന്ന കാര്യം ഞാൻ പ്രത്യേകമായി എടുത്തുപറയേണ്ടതില്ലല്ലോ. കേരളം ഇന്ന് സുസ്ഥിര വികസനത്തിന്റെ പാതയിൽ അനുസ്യൂത പ്രയാണം തുടരുകയാണ്. തിളക്കമാർന്ന ഈ നേട്ടത്തിൽ ഈ ഗവൺമെന്റ് വഹിച്ച പങ്ക് നിസ്തുലമാണ്.

2. അടുത്ത ഏതാനും മാസങ്ങൾക്കകം നാം ഒരു തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണ്. ജനാധിപത്യ ഭരണവ്യവസ്ഥയുടെ യഥാർത്ഥ സത്ത ഉൾക്കൊണ്ടുകൊണ്ട് ഒരു ഇടക്കാല ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടുമാണ് ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്നത്.

3. അതിദാരുണമായ ഒരു ദുരന്തം അഭിമുഖീകരിക്കേണ്ടി വന്ന ഗുജറാത്തിലെ നമ്മുടെ സഹോദരീ സഹോദരന്മാരെ ഈ അവസരത്തിൽ നമുക്ക് സ്മരിക്കാം. ഭൂകമ്പ ബാധിതരുടെ ദുരന്തത്തിൽ നമുക്ക് സഹതപിക്കാം. നമ്മുടെ പരിമതികൾക്കുള്ളിൽ നിന്നുകൊണ്ട് ഗുജറാത്തിലെ ജനങ്ങൾക്ക് കഴിവിന്റെ പരമാവധി സഹായങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്.

സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച

4. ഒരു സംസ്ഥാനത്തിന്റെ പുരോഗതി വിലയിരുത്തുന്നത് ആ സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക വളർച്ചയെ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകളെ ആധാരമാക്കിയായിരിക്കണം. സംസ്ഥാനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

Sir,

It is with a deep sense of statisfaction that I rise to present the sixth budget of the Left Democratic Front Government before this august house. This Government had to function amidst great hardships showered on the economy as at result of the lopsided polices of privatisation, liberatlisation, globalisation that are being vigorously pursued by Government of India. Despite all these odds, we are able to march forward steadily towards the noble goal of creating a propsperous Kerala. We have taken the monumental decision for building our society through a comprehensive decentralised palnning process with the active participation of the common man.

Sir, the course that we attempted to chart was indeed daring and difficult. The national economy faced severe recessionary trends- Kerala being a apart of this great nation was also caught in the downward pull of these recessionary tendencies but, permit me to place on record my deep sense of gratitude to the unstinted, wholehearted and tireless support, guidance and cooperation of the Hon. Chief Minister and my colleagues in the Cabinet. I look back with fulfilment at crossing the uncharted waters with my wicket intact. Our innings are over- we shall , needless to add, return for yet another innings very soon. We have delivered to the common man his dignity, restored his self respect in taking decisions that concern him, doing so most gracefully and wholeheartedly. Sir, I indeed owe a debt of gratitude to you and the esteemed members of the august house for so indulgently giving me positive and constructive guidance in these five years. Government is a continuing phenomenon, persons may come and go but it is needless to emphasize that the foundations laid in decentralization of powers to local bodies , setting up infrastructure in the filed of power and Information Technology, providing a stable and calm environment of industrial growth, can only be stabilized and consolidated by Governments to follow. Kerala is on the path of sustainable development and the Nayanar Government has played a stellar role in this for the same.

2. Sir, we go to the polls in a couple of months. In the true spirit of democratic governance, I propose to place and Interim Budget and Vote of Account before you today.

LIBRARY ARCHIVES Kerala Legislative Assembly

3. Before I go on with my budget speech, it will be necessary and most appropriate for us to remember our brothers and sistes in Gujarat who have gone through the worst catastrophe that any human race could go through. Our hearts go out in deep sympathy to the suffering people of Gujarat. I would like to assure you, that within our meagre means, we have been rendering all possible assistance to the people of the State of Gujarat.

THE STATE'S ECONOMIC GROWTH

4. Perhaps nothing can convey a better idea of the performance of the State's finances than the actual figures of growth of the state's economy. I am very happy to inform this House that the State Domestic Product in 1999-2000 continued to grow at a rate of 16.81% over that in 1998-99. Per capita income has over this period increased by 15.76%. For the last several years, prices of our agricultural commodities have suffered. I do not intend to discuss reasons for this- they vary from the misguided policies of the Government of India to effects of globalisation and liberalisation of the economy. Of course, had our agrciultural sector also done well, Kerala would have been further ahead of all other States in growth .But depsite this handicap, and the fact that our farmers continue to struggle under the consequences of these, the overall State economy has shown no signs of debilitation. The circumstances under which this growth took place points to the resilience of our economy . The question here is -how far has the State Government's policies contributed to this? Critics would easily attribute the growth of our economy to the remittances that continue to flow into our State from aborad. Certainly, our hardworking brothers and sisters abroad have worked hard to pump in money in to the economy had keep it going- we are rightfully proud of them . But then the figures would indicate that remittances are not a new phenomenon. In fact, growth in outstanding deposits retained in banks within the State are around the 19% range per annum- while the banks in the State has seen as high a rate as 22.24% in 1993-94. Surely then, remittances in to the State is not the factor that has been the mainstay of the economy through the recession that the State suffered in the last few years. It would not, by itself, explain the strength of the State's economy in these difficult times.

LIBRARY ARCHIVES Kerala Legislative Assembly